# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.10/402/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 06/05/2022
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.10/402/22 — തീയ്യതി: 06/05/2022

# ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 22-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി.ആർ. ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 15-03-2022 | 22-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 15-03-2022 | 22-03-2022 |

**ഓാഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂസനിയാമ്മ തോമസ് ഓാഡിറ്റ് ഓാഫീസർ(ഹ.ഗ്രേ)
ശ്രീമതി മരുൺ മാത്യു അസിസ്റ്റന്റ് ഓാഡിറ്റ് ഓാഫീസർ
ശ്രീ.ജിബി ഇ.വി അസിസ്റ്റന്റ് ഓാഡിറ്റ് ഓാഫീസർ
ശ്രീമതി അനീറ്റ പി സാമുവൽ, അസിസ്റ്റന്റ് ഓാഡിറ്റ് ഓാഫീസർ
ശ്രീ.മുഹമ്മദ് ഫാസിൽ റ്റി.റ്റി, സീനിയർ ഗ്രേഡ് ഓാഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓാഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ദേവസ്യ ദേവസ്യ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീ.റെജി ജോൺസൺ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സാജു ജോസഫ് | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി ശ്രീലത ആർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 16-06-2020 |
| ശ്രീ.ഷാജു മാത്യു | സെക്രട്ടറി | 17-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീലത ആർ.എസ് | അസി.സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി.ജിഷ പി.യു | അസി.സെക്രട്ടറി | 17-06-2020 | 31-03-2021 |
| ഡോ.ടെല്ലസ് കുര്യൻ | മെഡിക്കൽ ഓാഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ഷാലു കെ.എച്ച് | മെഡിക്കൽ ഓാഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.തങ്കമണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി.സിന്ധു പി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-11-2020 | 22-11-2020 |
| ശ്രീമതി.മെൽഡ ഡേവിഡ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 23-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.റഷീദ പി.എ | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീമതി.റാണി ജോസഫ് | കൃഷി ഓഫീസർ | 15-09-2020 | 31-03-2021 |
| ഡോ.നീതു കെ.പി | വെറ്ററിനറി സർജൻ | 01-04-2020 | 16-12-2020 |
| ഡോ.ബിജു രാജ് | വെറ്ററിനറി സർജൻ | 17-12-2020 | 31-03-2021 |
| ശ്രീ.എം.ഒ.പൗലോസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിജി ശങ്കർ | വി.ഇ.ഒ. നെയ്യശ്ശേരി സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്തികൃഷ്ണ | വി.ഇ.ഒ. കരിമണ്ണൂർ സർക്കിൾ | 01-04-2020 | 22-02-2021 |
| ശ്രീമതി സിജി ശങ്കർ | വി.ഇ.ഒ. കരിമണ്ണൂർ സർക്കിൾ അഡീഷണൽ ചാ്ർജ് | 23-02-2021 | 31-03-2021 |
| ശ്രീമതി.സില്ലമോൾ മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനവിവര പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പെൻഷൻ | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 1-9 |
| 10 | ലോൺ രജിസ്റ്റർ- അപാകതകൾ | 1-10 |
| 11 | തടി ലേലം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ലേല ഇനത്തിലെ വരവ് തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-13 |
| 14 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല | 1-14 |
| 15 | ലേലം സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-15 |
| 16 | മൂശാരിപ്പാറ റോഡ് പൈപ്പ്ലൈൻ നീട്ടൽ - KWA ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 17 | തുക ഒടുക്കിയിട്ടും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല | 1-17 |
| 18 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-18 |
| 19 | എസ്.എസ്.എ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | തുടർസാക്ഷരതാ പ്രവർത്തനങ്ങൾ - സംഡിച്ച് | 1-20 |
| 21 | ബയോപോട്ട് വിതരണം -അപാകതകൾ | 1-21 |
| 22 | എച്ച്.എം.സി വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല | 1-22 |
| 23 | മോണിട്ടറിംഗ് സമിതി നിർജ്ജീവം | 1-23 |

| | | |
|---|---|---|
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിവരം സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ വായ്പതിരിച്ചയവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

10.03.20 ലെ 2-നം തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച 74763021രൂപ മുന്നിരിപ്പും 169680000 രൂപ വരവും 228909895 രൂപ ചെലവും 15533126 രൂപ നീക്കിയിരിപ്പും ഉള്ള കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 23.03.2020ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

## 1-2 വാർഷിക ധനവിവര പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 07.07.2020 | | |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 14095469 | 14095469 | 14058189 | 37280 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് – എസ്.സി.പി. | | 2033947 | 2033947 | 1209044 | 824903 |
| വികസനഫണ്ട് – ടി.എസ്.പി. | | 530407 | 530407 | 1512136 | 378271 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8008739 | 8008739 | 6819448 | 1189291 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | | 4750000 | 4750000 | 1602900 | 3147100 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 4431000 | 4431000 | 4425542 | 5458 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 3456681 | 3456681 | 1781376 | 1675305 |
| ടോട്ടൽ സാനിട്ടേഷൻ | 1594720 | 1992772 | 3587492 | 677016 | 2910476 |
| ഐ.സി.ഡി.എസ്. | 384618 | 652889 | 1037507 | 610461 | 427046 |
| Ayurveda Hospital Maintance | -- | 789468 | 789468 | - | 789468 |
| പകർച്ചവ്യാധി ഗ്രാന്റ് | | 500000 | 500000 | 106264 | 393736 |
| ലൈബ്രറി ഗ്രാന്റ് | | 31190 | 31190 | 31190 | |

ഹെഡ് നം. 320300199, 320800199 എന്നിവയിൽ, പദ്ധതിയിൽ വിവിധ ഗ്രാന്റ് തുകകൾ ഒരുമിച്ചെടുത്തിരിക്കുന്നതിനാൽ ഒരോ ഗ്രാന്റിന്റെയും ഇനം തിരിച്ചെടുക്കുവാൻ സാധിക്കില്ല. ആയതിനാൽ ഹെഡ് നം. 320300199, 320800199 എന്നിവ 1-3-ൽ ഉൾപ്പെടുത്തിയിട്ടില്ല. വികസന ഫണ്ട് ജനറലിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും സാംഖ്യ സോഫ്റ്റ്വെയറിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ പ്രസ്തുത ഇനത്തിന് നെഗറ്റീവ് ബാലൻസ് ആണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 82939003 | 169 | 43899675 | 0 | 46 | 78.60 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 53 | 39 | 9977554 | 6155611 | 14 | 61.69 |
| 2.അസി.എൻജി | 106 | 86 | 23722721 | 15841398 | 20 | 66.77 |
| 3.വെറ്ററിനറി സർജൻ | 6 | 4 | 3318402 | 1802370 | 2 | 54.31 |

| | | | | | | |
|---|---|---|---|---|---|---|
| 4.കൃഷി ഓഫീസർ | 9 | 8 | 3473216 | 2695891 | 1 | 77.61 |
| 5. എം.ഒ എഫ് എച്ച് സി | 6 | 6 | 3101652 | 2683234 | 0 | 86.50 |
| 6. ഐ സി ഡി എസ് | 4 | 4 | 3583598 | 2773580 | 0 | 77.39 |
| 7. വി.ഇ.ഒ 1 | 8 | 6 | 24308300 | 6271550 | 2 | 25.80 |
| 8.എം.ഒ ആയുർവ്വേദം | 2 | 2 | 500000 | 500000 | 0 | 100 |
| 9. ഹെഡ്മാസ്റ്റർ | 3 | 0 | 100000 | 0 | 3 | 0 |
| 10.ഡയറി എക്സ്റ്റൻ ഓഫീസർ | 2 | 2 | 3000000 | 1094971 | 0 | 36.49 |
| 11.അസിസെക്രട്ടറി | 9 | 7 | 1468100 | 727840 | 2 | 49.57 |
| 12.വി.ഇ.ഒ 2 | 7 | 5 | 6385460 | 3353230 | 2 | 52.51 |
| ആകെ | 215 | 169 | 82939003 | 43899675 | 46 | 52.93 |

<u>ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം</u>

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 18741318 | 16179095 | 86.32 |
| | പട്ടിക ജാതി വിഭാഗം | 3340590 | 1604848 | 48.04 |
| | പട്ടിക വർഗ്ഗ വിഭാഗം | 559661 | 166763 | 29.79 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 12401101 | 8422348 | 67.91 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 3669990 | 25100 | 0.68 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 7806123 | 3496636 | 44.79 |
| തനത് ഫണ്ട് | | 6333398 | 2284043 | 36.06 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 3063791 | 1181068 | 38.54 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 3480000 | 1064962 | 3.06 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 5174420 | 4425542 | 85.52 |
| | റോഡിതരം | 3527319 | 1816695 | 51.50 |
| മറ്റിനം | | 14841292 | 3232575 | 21.78 |

ജില്ലാ ആസൂത്രണ സമിതിയുടെ 28/01/2021 തീയതിയിലെ 2127/20/DPC/DPO/IDK ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 215 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 169 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹82939003/-ന്റെ 52.93% (₹43899675/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, അസി.സെക്രട്ടറി എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

2020-21 സാമ്പത്തിക വർഷം തോടുകൾ വൃത്തിയാക്കൽ, ആഴം കൂട്ടൽ, കല്ലുകയ്യാല, ഭവന നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, വനവത്കരണം, കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണ്ണം, തൊഴുത്ത് നിർമ്മാണം, കുളം നിർമ്മാണം, നീർക്കുഴി നിർമ്മാണം, കാന നിർമ്മാണം, ബ്രഷ്വഡ് ചെക്ക് ഡാം, തീറ്റപുൽകൃഷി, തരിശ്ഭൂമി കൃഷി,

സോക്ക്പിറ്റ് നിർമ്മാണം, നടെയപ്പ് കമ്പോസ്റ്റ് തുടങ്ങിയ 16 ഇനങ്ങളിലെ പദ്ധതികൾക്കായി ₹1,89,30,000/- അടങ്കലുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം ₹1,57,78,388/- ചെലവിൽ 314 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 36530 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 134 കടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 2763 വീടുകളിലായി 3998 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്. തൻ വർഷത്തെ വരവ് ചെലവ്-കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി (Unskilled) | 0 | 10703768 | 10703768 | 10703768 | 0 |
| തൊഴിലാളികളുടെ കൂലി (Skilled) | 0 | 1059180 | 1059180 | 1059180 | 0 |
| മെറ്റീരിയൽ വാങ്ങിയത് | 0 | 2277655 | 2277655 | 2277655 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2410607 | 2410607 | 2408643 | 1964 |
| 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 57000 | 57000 | 57000 | 0 |

## 1-6 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20520 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 4715800 | 3370 |
| വിധവാപെൻഷൻ | 7131000 | 5041 |
| വാർദ്ധക്യകാലപെൻഷൻ | 21757700 | 15773 |
| വികലാംഗപെൻഷൻ | 2812100 | 1996 |
| അവിവാഹിതർക്കുള്ള പെൻഷൻ | 482000 | 347 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 30000 | 1 |

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ക്ഷേമപെൻഷനുകൾ അനർഹരായവർ കൈപ്പറ്റുന്നുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.03.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 139985/- (ഒരുലക്ഷത്തിമുപ്പത്തിയൊൻപതിനായിരത്തിതൊള്ളായിരത്തി എൺപത്തിഅഞ്ച് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ 1 യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും

കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

**1- 8-1 <u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ</u>**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**<u>1-8-2 മുൻകൂർ രജിസ്റ്റർ</u>**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**<u>1-8-3 സ്റ്റോക്ക് രജിസ്റ്റർ</u>**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം, വിതരണം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**<u>1-8-4 സ്യൂട്ട് രജിസ്റ്റർ</u>**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

**1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

**1-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)നം.7/2017/ധന ഉത്തരവുപ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ

നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018ലെ സ.ഉ(അ)100/2018/ധന, 24.01.2019ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115(TSC) | 2910476 |
| 2 | 320100121 | 427046 |
| 3 | 320200202 | 789468 |
| 4 | 320200322 | 393736 |
| 5 | 320300199 | 892049 |
| 6 | 320700104 | 300,000 |
| 7 | 320700204 | 140093 |
| 8 | 320800101 | 1200 |
| 9 | 320800199 | 181061 |
| | ആകെ | 6035129 |

## 1-10 ലോൺ രജിസ്റ്റർ- അപാകതകൾ

ലോൺ രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നില്ല. തൻ വർഷ വാർഷിക കണക്കുകളിൽ 377212/- രൂപയാണ് ലോൺ തിരിച്ചടച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം 1699137/- രൂപയാണ് വായ്പയിനത്തിൽ തിരിച്ചടച്ചിട്ടുള്ളത്. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ബാങ്ക് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-11 തടി ലേലം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ലേല ഇനത്തിലെ വരവ് തുക സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല

കരിമണ്ണൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ അപകടമാകും വിധം വാർഡിലേയ്ക്കുള്ള വഴിയിൽ തടസ്സമായി നിന്നിരുന്ന 11 മരങ്ങൾ ലേലം ചെയ്യുന്നതിന് ഇടുക്കി സോഷ്യൽ ഫോറസ്റ്ററി അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ A1/923/11തീ.6.12.11 നമ്പർ നടപടിക്രമം കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.12.2020 ലെ XXIV നമ്പർ തീരുമാനം എന്നിവ പ്രകാരം വിപുലമായി പരസ്യം നല്കി ലേലം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസറെ അനുവദിച്ചിരുന്നു. 06.12.2012ൽ നടന്ന ലേലത്തിൽ 40 ആളുകൾ 5000 രൂപ വിതം നിരതദ്രവ്യം കെട്ടിവച്ചുകൊണ്ട് ലേലത്തിൽ പങ്കെടുക്കുകയും 220,000 രൂപ വിളിച്ച ശ്രീ.കെ.എം.സെബാസ്റ്റ്യൻ മാതാളിക്കുന്നേൽ എന്നയാൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ.ഉ(എം.എസ്)നം. 2670/2013 തീ 31.07.2013 പ്രകാരം ലേലം ഉറപ്പിച്ചു നല്കി . ലേല തുകയും 13.5 % ടാക്സും ചേർന്ന തുക (222000+29970)= 251970 ന്റെ മൂന്നിലൊന്ന് തുകയായ 84000/- രൂപ 06.02.2012ലും (TR5 ബുക്ക് നം.1 രസീത് നം. 20/06.02.2012)

അവശേഷിക്കുന്ന തുകയായ 167970 /- രൂപ 08.10.2013 ലും പി എച്ച് സി യുടെ ഓഫീസിൽ അടവാക്കിയിട്ടുണ്ട് (TR5 ബുക്ക് Nilനം. രസീത് നം.22/8.10.2013), പ്രസ്തുത തുകകൾ മെഡിക്കൽ ഓഫീസർ പി എച്ച് സി കരിമണ്ണൂരിന്റെ പേരിലുള്ള എസ് ബി റ്റി അക്കൗണ്ട് നം. 57044918074-ൽ യഥാക്രമം 7.02.12, 8.10.13 തിയതികളിൽ വരവ് വന്നിട്ടുണ്ട്. ഫോറസ്റ്റ് ഡെവലെപ്മെന്റ് ടാക്സ് ഇനത്തിൽ 12599 രൂപ ചെലാൻ നം.34/20.12.13 പ്രകാരം 8782-103-99-FR എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുകയായ 239371/- (251970-12599) നാളിതുവരെ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ടി തുക സർക്കാരിലേക്ക് നാളിതുവരെ അടവാക്കാത്തതിന് വിശദീകരണം നല്കുവാൻ അവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 13/23.03.2022 ന് മറുപടി നല്കിയിട്ടില്ല. തുക സർക്കാരിലേക്ക് പലിശ സഹിതം അടവാക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. വിശദ വിവരം ചുവടെച്ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെഎസ്ബിസി, കരിമണ്ണൂർ | I,II |
| 2 | ത്രിവേണി സൂപ്പർമാർക്കറ്റ്, കരിമണ്ണൂർ | I,II |
| 3 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് കരിമണ്ണൂർ | I |
| 4 | ബിഎസ്എൻഎൽ, കരിമണ്ണൂർ | I |
| 5 | സാക്ഷരത മിഷൻ | II |
| 6 | നിർമ്മല പബ്ളിക് സ്കൂൾ,കരിമണ്ണൂർ | I,II |
| 7 | വിന്നേഴ്സ് പബ്ലിക് സ്കൂൾ, കരിമണ്ണൂർ | I,II |
| 8 | ദാറുൽ ഫത്തേ പബ്ലിക് സ്കൂൾ, കുന്നം | I,II |

മേൽ സൂചിത സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-13 വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 6-ാം നമ്പർ മുറി പഞ്ചായത്ത് പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ച ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിനായി, കാരുണ്യ പുരുഷ സഹായ സംഘത്തിന് 2018-19 ൽ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ ക്രിമറ്റോറിയം പിന്നീട് പ്രവർത്തിയ്ക്കാതായി. ഇത് മൂലം തുടർ വർഷങ്ങളിൽ

സംഘം കരാർ പുതുക്കുകയോ വാടക അടവാക്കുകയോ ചെയ്തില്ല. 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിലായി ₹14652/- വാടകയിനത്തിൽ കുടിശ്ശികയുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ക്രിമറ്റോറിയത്തിനായും വാടകക്കരാർ പുതുക്കാതെയും തുടർ വർഷങ്ങളിൽ കെട്ടിടം വാടകയ്ക്ക് നൽകിയ നടപടിയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 9/17-03-2022 ന് മറുപടിയായി വാടക്കരാർ പുതുക്കിയിട്ടില്ലെന്നും നിലവിൽ പ്രവർത്തനക്ഷമമായ ക്രിമറ്റോറിയത്തിന്റെ വാടക ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടകക്കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

| വർഷം | വാടക ₹ |
|---|---|
| 2019-20 | 651*12=7812 |
| 2020-21 | 684*10=6840(കോവിഡ് മൂലം രണ്ട് മാസത്തെ വാടക ഇളവ് ചെയ്തു) |
| ആകെ | 14652/- |

വാടകക്കുടിശ്ശിക ₹14652/- അടിയന്തിരമായി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ 6-ാം നമ്പർ മുറി ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ മറ്റെന്തെങ്കിലും കാര്യങ്ങൾക്കായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല

കരിമണ്ണൂർ പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പരിശോധിച്ചപ്പോൾ അവയെ വസ്തു നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | മാനേജർ,വിന്നേഴ്സ് പബ്ലിക് സ്കൂൾ | 12/91 | 419.4*3=1258.2 | സ്കൂൾ |
| 2 | മദർ സുപ്പീരിയർ, എഫ് സി കോൺവെന്റ് | 6/94 | 552 | സ്കൂൾ |
| 3 | മദർ സുപ്പീരിയർ, ക്ലാര മഠം | 6/94A | 473.35+623.54+1170.44+623.54 =2890.87 | സ്കൂൾ |
| 4 | മദർ സുപ്പീരിയർ, എഫ് സി കോൺവെന്റ് | 6/97 | 50 | സ്കൂൾ |
| 5 | സെക്രട്ടറി,ദാറുൽ ഫത്തേ ഇസ്ലാമിക് കോംപ്ലക്സ് | 13/73 | 582.56+644.62=1227.18 | സ്കൂൾ |
| 6 | ഫോറസ്റ്റ് ഓഫീസ് സെക്ഷൻ | 3/279 | 71 | ഓഫീസ് |
| 7 | ഫോറസ്റ്റ് സ്റ്റേഷൻ | 3/281 | 71.25 | ഓഫീസ് |
| 8 | ഡിഎഫ്ഒ ഫോറസ്റ്റ് | 3/282 | 32 | ഓഫീസ് അനുബന്ധ കെട്ടിടം |

മേൽ സൂചിത കെട്ടിടങ്ങളുടെയും സഞ്ചയയിൽ ഉൾപ്പെടുത്താത്ത നിർമ്മല പബ്ലിക് സ്കൂൾ എന്നിവയുടെയും നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി നം.7/18-03-2022 ന് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും അവയുടെ അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി അടിയന്തിരമായി നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-15 ലേലം സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിൽ ചൂളക്കാട് ഭാഗത്ത് തോട്ടിലേക്ക് കടപുഴകി വീണ- ₹237617/- വാല്യുവേഷൻ ലഭിച്ച ആഞ്ഞിലി മരം 05-02-2021 ലെ 15/1- കമ്മിറ്റിതീരുമാന പ്രകാരം 1%സെസ്, 5%വനനികുതി, 18% ജിഎസ് ടി എന്നിവ ഈടാക്കി ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നാളിതു വരെ ഇത് സംബന്ധിച്ച തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/19-03-22 ന് ഹാജരാക്കിയ മറുപടി പ്രകാരം തടി ലേലം സംബന്ധിച്ച കമ്മിറ്റിതീരുമാനം ഉടൻ നടപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആഞ്ഞിലിത്തടി താമസം വിനാ പുതിയ വാല്യുവേഷൻ നടത്തി ലേലം ചെയ്യേണ്ടതും ലേലത്തുക, സെസ്, ജിഎസ് ടി, വനനികുതി എന്നിവ അതത് അക്കൗണ്ടിലേക്ക് അടവാക്കി രേഖകൾ സഹിതം ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-16 മൂശാരിപ്പാറ റോഡ് പൈപ്പ്ലൈൻ നീട്ടൽ - KWA ഡെപ്പോസിറ്റ് പ്രവൃത്തി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| വൗച്ചർ നമ്പർ/ തീയതി | 22000014/ 03.04.2020 |
| ഇനം | ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിറ്റി<br>(ആലക്കോടിനും സമീപ പ്രദേശങ്ങളിലേയ്ക്കുമുള്ള സമഗ്ര ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി- മൂശാരിപ്പാറ റോഡിലേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടൽ) |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | ₹9750/-<br>ചെക്ക് നമ്പർ / തീയതി : 215417 / 03.04.2020<br>(ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കരിമണ്ണൂർ) |

മൂശാരിപ്പാറ റോഡിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിക്ക് ₹9750/- നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ RP-47 ഹെഡിൽ തൻവർഷം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കിന് അഡ്വാൻസായി നൽകിയ തുക ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/17.03.2022)

ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതാണെന്ന വിവരം അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹9750/- തടസ്സപ്പെടുത്തുന്നു.

**1-17 തുക ഒടുക്കിയിട്ടും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല**

| | | |
|---|---|---|
| പ്രോജക്ട് | 230/21, ഐ.എൽ.ജി.എം.എസ്.- ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ | 88/21, കൃഷി ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹150000/- (വികസന ഫണ്ട്) | ₹50000/- (വികസന ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം./തീയതി/ തുക | 20100952004101258867/16.03.2021/ ₹119391/- | 20100952004101258510/16.03.2021/ ₹39797/- |

മേൽ പദ്ധതികളിലായി കമ്പ്യൂട്ടർ വാങ്ങുന്നതിന് ₹159188/- (119391 + 39797) കെൽട്രോണിൽ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ₹159188/- തടസ്സപ്പെടുത്തുന്നു.

**1-18 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല**

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഇ-ടെണ്ടർ നടത്തിയിട്ടുള്ള പദ്ധതികളുടെ ടെണ്ടർ ഫീസ് ₹76095/- ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് വരവ് വന്നിട്ടുള്ളത്. ഇ-ടെണ്ടർ നടപടിയിലൂടെ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതും ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വന്നിട്ടുള്ളതുമായ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-19 എസ്.എസ്.എ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല**

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹400,000/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ, പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ. വിഹിതം ജനറൽ (02/2021) | 400000 വികസന ഫണ്ട് (പൊതുവിഭാഗം) | 20100252004100896109 തീ. 06.01.2021 | വികസന ഫണ്ട് (പൊതുവിഭാഗം) | 400000 | സെക്രട്ടറി |

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ പ്രോജക്റ്റുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ എസ്.എസ്.എ. പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം എ.എസ്.എ പ്രകാരം ആവിഷ്കരിച്ച പ്രോജക്റ്റുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. പ്രോജക്റ്റുകൾക്കായി ചെലവഴിച്ച ₹4,00,000/- തടസ്സപ്പെടുത്തുന്നു.

## 1-20 തുടർസാക്ഷരതാ പ്രവർത്തനങ്ങൾ - സംബന്ധിച്ച്

| പ്രോജക്റ്റിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | ബിൽ നം./തീയതി | തുക ₹ |
|---|---|---|---|
| തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ (പത്താംതരം തുല്യതാ പരീക്ഷ) പ്രോജക്റ്റ് നം.86/21 | 5x1850=9250<br>4x2500=10000 | 20100952004101382161/26.03.2021 | 19250 |
| | | **ആകെ** | **19250** |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുല്യതാ പഠന പരീക്ഷയ്ക്കുവേണ്ടി മേൽ സൂചിത ബില്ലുകൾ പ്രകാരം ഡയറക്ടർ, സാക്ഷരതാ മിഷന് ₹19250/- നൽകിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾ പരീക്ഷയിൽ

വിജയിച്ചതിന്റെയോ പഠനം പൂർത്തീകരിച്ചതിന്റെയോ വിശദാംശം ഹാജരാക്കിയില്ല. മാത്രമല്ല, ഡയറക്ടർക്ക് തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയില്ല. പ്രസ്തുത ചെലവഴിച്ച തുക ₹19250/- തടസ്സപ്പെടുത്തുന്നു.

## 1-21 ബയോപോട്ട് വിതരണം -അപാകതകൾ

പദ്ധതി -ബയോഡൈജസ്റ്റർ പോട്ട് വിതരണം

പദ്ധതി നമ്പർ-So256/2021

ബിൽ നമ്പർ-20/20-21 തിയതി ലഭ്യമല്ല.തുക രൂ.1055550/-

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഉറവിട ജൈവ മാലിന്യ സംസ്ക്കരണത്തിനായി ബയോഡൈജസ്ററർ പോട്ട് വിതരണം ചെയ്യുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 3612 പേർക്ക് യൂണിറ്റ് ഒന്നിന് 1550 രൂപ വീതം ചെലവു ചെയ്യുന്നു. വിലയുടെ 90 ശതമാനം സബ്സിഡി നല്കുന്നു. 10 ശതമാനം തുക ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കേണ്ടതുമാണ്. 5598300 രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതിയിൽ പഞ്ചായത്തിലെ ആവശ്യമായ എല്ലാ ഗുണഭോക്താക്കൾക്കും ഉറവിട മാലിന്യ സംസ്ക്കരണ ഉപാധിയായ ബയോപോട്ട് നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ടെണ്ടർ ആയിട്ടാണ് ഉൾപ്പെടുത്തിയിരുന്നതെങ്കിലും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കാൻ കഴിയാതെ വരികയും പദ്ധതിപ്പണം ലാപ്സാകുന്ന സാഹചര്യവുമുള്ളതിനാൽ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും ബയോപോട്ട് വാങ്ങുന്നതിനും, പ്രോജക്ട് ഭേദഗതി ചെയ്യുന്നതിനും, ബയോപോട്ട് സപ്ലൈ ചെയ്യുന്ന ഗവ.അപ്രൂവ്ഡ് അക്രഡിറ്റഡ് ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററർ (IRTC) പാലക്കാട് നിന്നും ബയോപോട്ട് വാങ്ങുന്നതിനും 17/02/2021ലെ 2/3കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം IRTCയുമായി എഗ്രിമെന്റ് വച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ 15-2-2021 ലെ NO38/2017-SBM/TS/IDK ലെ കത്ത് പ്രകാരം പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നല്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറും IRTC യ്ക്കു വേണ്ടി ശ്രീ.മാത്യു എ.കെ യും 11-02-2021ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## പദ്ധതി നടത്തിപ്പിലെ അപാകതകൾ

കരാർ നമ്പർ1 പ്രകാരം ബയോഡൈജസ്റ്റർ പോട്ട് 3612 എണ്ണം സ്ഥാപിക്കുന്നതിനാണ് അംഗീകാരം നല്കിയിട്ടുള്ളതെങ്കിലും വിതരണത്തിന് ലഭ്യമാക്കിയ പോട്ടുകളുടെ ബിൽ ഹാജരാക്കിയിട്ടില്ലാത്തിനാൽ എണ്ണം വ്യക്തമായിട്ടില്ല.

കരാർ നമ്പർ 2 പ്രകാരം പോട്ടുകൾ ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് IRTC-PIU എത്തിച്ച് നല്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വിതരണം നടത്തേണ്ടതുമാണ്. എന്നാൽ പോട്ടുകൾ വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

കരാർ നമ്പർ 4 പ്രകാരം ഗുണഭോക്തൃ വിഹിതം ഒടുക്കിയ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ തുക രണ്ട് ഗഡുക്കളായി ഗ്രാമപഞ്ചായത്ത് IRTC-PIU വിന് നല്കുന്നതാണെന്നും ടി തുകയുടെ 25% തുക അഡ്വാൻസ് ആയി നല്കുന്നതും ആയതിന്റെ 90% വിനിയോഗിച്ചതായ സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് അവസാന ഗഡു നല്കേണ്ടതുമാണ്.എന്നാൽ പ്ലാൻ വിഹിതം പൂർണ്ണമായും (രൂ.1055550/- )IRTC ക്ക് നല്കിയിരിക്കുന്നു.
കരാർ നമ്പർ 5 പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി ഒന്നാം ഗഡുവും തുടർന്നുള്ള ഗഡുക്കളും കൈപ്പറ്റിയ തിയതി മുതൽ പരമാവധി 3മാസത്തെ സമയപരിധിയാണ് ഗ്രാമപഞ്ചായത്ത് IRTC-PIU വിന് അനുവദിച്ചിട്ടുള്ളത് എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 681 പോട്ടുകൾക്കുള്ള തുകയാണ് IRTC ക്ക് അഡ്വാൻസായി നല്കിയത്. 560 ബയോപോട്ടുകൾ നാളിതുവരെ ലഭ്യമായതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഇതിൽ 42 എണ്ണം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 5 എണ്ണത്തിന് Damage സംഭവിച്ചതായും അറിയിച്ചിട്ടുണ്ട്. പോട്ടുകൾ ലഭ്യമാക്കിയതിന്റെ ബിൽ IRTC ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കിയ പോട്ടുകളുടെ എണ്ണം വ്യക്തമല്ല. 650 ഗുണഭോക്താക്കളുടെ വിഹിതം(650*155) പിരിച്ചിട്ടുണ്ടെങ്കിലും IRTC ക്ക് ഈയിനത്തിലെ തുകയൊന്നും നല്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ തുടർ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-22 എച്ച്.എം.സി വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ്

ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-23 മോണിട്ടറിംഗ് സമിതി നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്ത്തല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും 50 പേരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. മരുന്ന്, സാനിറ്റൈസർ, മാസ്ക്ക് തുടങ്ങിയ മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത്തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് പഞ്ചായത്തിന്റെ അനുമതിയോടെ മെഡിക്കൽ ഓഫീസർ 20 പൾസ് ഓക്സിമീറ്ററുകൾ വാങ്ങിയിട്ടുള്ളതാണ്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഓൺലൈൻ വിദ്യാസഹായ പദ്ധതിയുടെ ഭാഗമായി ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള 6 ലൈബ്രറികളിൽ പഠനകേന്ദ്രം ഒരുക്കുന്നതിനായി കെ.എസ്.എഫ്.ഇ.യുടെ സഹായത്തോടെ ടെലിവിഷൻ സെറ്റുകൾ നൽകിയിട്ടുള്ളതാണ്.

കമ്മ്യൂണിറ്റി കിച്ചൺ ദിവസവേതന ജീവനക്കാരെ നിയമിച്ച് ആരംഭിച്ചിട്ടുള്ളതും കറന്റ് ചാർജ്, വാടക എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ₹692951/- ചെലവഴിച്ചിട്ടുമുണ്ട്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനൊപ്പം പരിശോധിച്ചു. | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിവരം സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 196070 | പാലിയേറ്റീവ് പരിചരണം | 196070 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 150000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 100000 | സുഭിക്ഷകേരളം പദ്ധതി ലൈഫ് ഭവനപദ്ധതി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 75000 | സുഭിക്ഷകേരളം പദ്ധതി-ഗ്രോബാഗ് നിർമ്മാണം | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 129998 | നെൽകൃഷി പ്രോൽസാഹനം | 129998 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 180000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 150000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 200000 | പന്നൂർ ലക്ഷംവീട് കോളനി കുളം നിർമ്മാണം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 529991 | നെൽകൃഷി പ്രോൽസാഹനം | 529991 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 200000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 334971 | ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി | 334971 | 0 |

## <u>4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം</u>

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | മൂശാരിപ്പാറ റോഡിലേക്കുള്ള പൈപ്പ് ലൈൻ നീട്ടൽ | 215417/30.04.2020 | 9250 | 9250 | 0 |

## <u>4-4 മൊബിലൈസേഷൻ അഡ്വാൻസ്</u>

ഇല്ല

## <u>4-5 വായ്പ വായ്പതിരിച്ചടവ്</u>

<u>**വായ്പ/വായ്പ തിരിച്ചടവ്**</u>

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | തൻവർഷ വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ (വസ്തു വാങ്ങൽ) | സ.ഉ.(സാ)നം. 2053/ത.സ്വ.ഭ.വ തി.03.08.2013 | 3440000 | 0 | 385462 | 368574 | 31478 | 16888 |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ (ലൈഫ്) | സ.ഉ.(സാ)നം. 111/18/ ത.സ്വ.ഭ.വ തി.13.08.2018 | 14882809 +2920000 =17802809 | 2920000 | 14471044 | 1699137 | 0 | 15691907 |

തൻവർഷം നീക്കിയിരിപ്പ് ഇനത്തിൽ വാർഷികകണക്ക് പ്രകാരം 15700157/- ആണ്. രേഖകൾ പരിശോധിച്ചതിൽ നീക്കിയിരിപ്പ് 15691907/- ആണ്. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹437384 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ | ₹30049 |
| ആകെ | ₹467433 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹467433 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് (ബ്ലാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| കേരളാഗ്രാമീൺ ബാങ്ക്, കരിമണ്ണൂർ | 31.03.2017 | 31.03.2020 മുതൽ 31.03.2021 വരെ പലിശ | 437384<br>30049 | എഫ്.ഡി.രസീത് നം.427635/ 31.03.2017 |

| ആകെ | 467433 |
|---|---|

കാലകാലങ്ങളിൽ സ്ഥിരനിക്ഷേപം പുതുക്കുന്നുണ്ടെങ്കിലും എഫ്.ഡി രസീതിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. രസീതുകൾ പ്രകാരമുള്ള വിവരം മുകളിൽ ചേർത്തിരിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വിവരം

ഇല്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർ ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2000-01 | 35 | ശ്രീ.ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | - | 16340 |
| 2 | 2000-01 | 36 | ശ്രീ.ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.04.2005 | 16340 | - | ഇല്ല | - | - | - | - | - | 16340 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 16646075 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 65590761 |
| ആകെ | | 82236836 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66921841 |
| നീക്കിയിരിപ്പ് | | 15314995 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 588188 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 9750 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |
| 1-17 | 159188 | ശ്രീ.ഷാജു മാത്യു,സെക്രട്ടറി |
| 1-19 | 400000 | ശ്രീ.ഷാജു മാത്യു,സെക്രട്ടറി |
| 1-20 | 19250 | ശ്രീ.ഷാജു മാത്യു,സെക്രട്ടറി |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂട്ടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാജു ജോസഫ്,സെക്രട്ടറി | | മഠത്തിക്കുഴിയിൽ,കുമാരമംഗലം പി.ഒ,ഉരിയരിക്കുന്ന്,തൊടുപുഴ |
| ശ്രീ.ഷാജു മാത്യു,സെക്രട്ടറി | | മഞ്ചപ്പിള്ളിൽ, പെരുമ്പള്ളിച്ചിറ പി.ഒ, തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | കെ.എസ്.എ-ഐ.ഡി.കെ-10/ 939/18/12.07.2018 | 2 | 27, 28 |
| 1998-99 | എൽ.എഫ്.ഐ.-7/ 164/2000/ 24.07.2000 | 1 | 31 |
| 2000-01 | എൽ.എഫ്.ഐ.-7/303/ 2002/ 19.07.2002 | 2 | 35,36 |
| 2003-04 | എൽ.എഫ്.ഐ.-8/ 109/06/ 30.06.06/13.10.06 | 1 | 11(2) |
| 2006-07 | എൽ.എഫ്.ഐ.-10/214/ 2011/ 23.04.2011 | 8 | 2-1, 2-2, 3-1 മുതൽ 3-6 വരെ |
| 2007-08 | എൽ.എഫ്.ഐ.-10/ 516/10/ 24.07.2011 | 14 | 2-1,2-2,2-3,3-2 മുതൽ 3-10 വരെ |
| 2008-09 | എൽ.എഫ്.ഐ.-10/304/ 2012/ 02.06.2012 | 15 | 2-1 മുതൽ 2-6 വരെ 3-1,3-2,3-3,3-5, 3-6,3-7,3-8വരെ |
| 2009-10 | എൽ.എഫ്.ഐ.-10/1285/ 2012/ 22.10.2012 | 7 | 2-1, 2-2, 2-3, 3-1, 3-2, 3-4, 3-5 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-10/ 1103/12 തീ. 12.03.2015 | 12 | 2-1,2-2,2-3, 2-4,2-5,2-7, 3-1മുതൽ 3-6വരെ |
| 2012-13 & 2013-14 | എൽ.എഫ്.ഐ.10/98/ 2015/ 23.01.2015 | 6 | 2-1,2-2,3-1, 3-2,3-3,3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/ 1025/16 തീ 29.07.16 | 11 | 2-1,2-2,2-3,2-4,3-1 മുതൽ 3-7 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 407/17/ 18.04.2017 | 10 | 2-1, 2-2, 3-1മുതൽ 3-8 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 560/17/ 01.12.2017 | 11 | 1-12, 2-1, 2-2, 2-4 3-1മുതൽ 3-7 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-10/ 220/19/ 25.03.2019 | 12 | 2-1 , 2-2, 3-1 മുതൽ 3-10 വരെ |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-10/ 1033/19/ 21.04.2020 | 23 | 1-9,1-12 മുതൽ 1-32 വരെ &2-1 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/ 296/21/ 07.05.2021 | 23 | 1-13 മുതൽ 1-23 വരെ, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-33 മുതൽ 1-38 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്